പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5006 — 14.11.2019-ൽ മറുപടിക്ക്

## മത്സ്യബന്ധനയാനങ്ങൾ, വല, മറ്റ് ഉപകരണങ്ങൾ എന്നിവക്ക് ഇൻഷുറൻസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. ദാസൻ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യബന്ധനയാനങ്ങൾക്കും, വല, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്കുള്ള ഇൻഷുറൻസ് സ്കീമിൽ ഏതു സമയത്തും ചേരാൻ പറ്റുമോ; പണം അടക്കാനുള്ള സൗകര്യം വകുപ്പ് ഒരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) & (ബി) | ഭരണാനുമതി നൽകുന്ന സാമ്പത്തിക വർഷം തീരുന്നതിനു മുമ്പായി (മാർച്ച് 31) ഇൻഷുറൻസ് സ്കീമിൽ അംഗങ്ങളാകാവുന്നതാണ്. ടി പദ്ധതിയ്ക്കായി ഗുണഭോക്തൃ വിഹിതം ജില്ലാ ഓഫീസുകൾ മുഖേന അടക്കാവുന്നതാണ്. അപേക്ഷാ ഫാറവും, മാർഗ്ഗ നിർദ്ദേശങ്ങളും മത്സ്യഭവനുകളിലും ജില്ലാ ഓഫീസുകൾ വഴിയും ലഭ്യമാണ്. |
| (ബി) | ഇതിനായുള്ള അപേക്ഷ ഫോറങ്ങൾ എവിടെയാണ് ലഭിക്കുന്നത്; | | |
| (സി) | കോഴിക്കോട് ജില്ലയിൽ പ്രസ്തുത സ്കീമിൽ എത്ര യാനങ്ങൾ രജിസ്റ്റർ ചെയ്ത് പണമടച്ചിട്ടുണ്ട്; സംസ്ഥാനത്ത് ഇതുവരെ ആകെ എത്ര വള്ളങ്ങൾ സ്കീമിൽ അംഗങ്ങളായിട്ടുണ്ട്; വ്യക്തമാക്കാമോ? | (സി) | 2018-19 സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിൽ നിന്നും 20 മത്സ്യബന്ധന യാനങ്ങൾ ഇൻഷുറൻസ് പരിരക്ഷ പദ്ധതിയിൽ അംഗമായിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്തൊട്ടാകെ 647 യാനങ്ങൾ ടി പദ്ധതിയിൽ അംഗമായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പദ്ധതിയ്ക്കായുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള നടപടികൾ ജില്ലകളിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ